"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.**3918/2026/GEDN** തീയതി,തിരുവനന്തപുരം, **12-06-2026**

---

പരാമർശം:-

1. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (അക്കാദമിക്) **22.01.2025** - ലെ ജി**3/240748/2023** നമ്പർ ഉത്തരവ്.
2. സ.ഉ.(സാധാ)നം.**5668/2025**/പൊ.വി.വ. തീയതി **23/08/2025**
3. താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച **24.09.2025**-ലെ റിവിഷൻ ഹർജി.
4. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **18/12/2025**-ലെ **DEOTSY/2268/2025-A4** നമ്പർ കത്ത്.
5. താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **07/01/2026**-ലെ **AEOTSY/1101/2025-D** നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **12/01/2026** **G3/21923/2025**/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന സെന്റ് ജോസഫ് യു.പി മൈലള്ളാംപാറ സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ഹിന്ദി ഫുൾടൈം അധ്യാപികയായ ശ്രീമതി.സ്നേഹ ജോസഫിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് താമരശ്ശേരി രൂപത കോർപ്പറേറ്റ്

എജുക്കേഷണൽ ഏജൻസി മാനേജർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കുന്നതിലേക്കായി ഹർജിക്കാരനെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 19.12.2025-ന് ഗുഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ ഹർജിക്കാരി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചിരുന്നു.

**ഹർജിക്കാരൻ/ശ്രീമതി.സ്നേഹ ജോസഫ്**

2. താമരശ്ശേരി കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള മൈലള്ളാംപാറ സെന്റ് ജോസഫ്സ് യു.പി.സ്കൂളിൽ 09.06.2022 മുതൽ ജെ.എൽ.ടി ഹിന്ദി അധ്യാപികയായി റഗുലർ ഒഴിവിൽ നിയമിക്കപ്പെട്ട ശ്രീമതി.സ്നേഹ ജോസഫിന്റെ നിയമനം നിരസിച്ച വിദ്യാഭ്യാസ ഓഫീസർമാരുടെ ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമന്വയവഴി സമർപ്പിച്ച റിവിഷൻ അപ്പീൽ പരാമർശം (1) ഉത്തരവ് പ്രകാരം തീർപ്പാക്കിയിരുന്നു. എന്നാൽ, ചില വ്യവസ്ഥകളോടെ തീർപ്പാക്കിയ ടി ഉത്തരവ് പ്രകാരം ശ്രീമതി.സ്നേഹ ജോസഫിന് നിയമനാംഗീകാരം നൽകാൻ താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തയ്യാറായിട്ടില്ല. അപ്പീൽ തീർപ്പാക്കിയ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ലെന്ന കാരണത്താൽ നിയമനാംഗീകാരം ലഭിക്കാത്ത സാഹചര്യത്തിലാണ് പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ ഉത്തരവിനെതിരെ റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരിക്കുന്നത്.

3. 22.07.2021 മുതൽ ഇതേ മാനേജ്മെന്റിന് കീഴിലുള്ള തെയ്യപ്പാറ യു.പി. സ്കൂളിൽ പാർട്ട് ടൈം ഹിന്ദി അധ്യാപികയായി ജോലി ചെയ്തുവന്നിരുന്ന ശ്രീമതി.സ്നേഹ ജോസഫിനെ സ്ഥാനക്കയറ്റം വഴിയാണ് ഫുൾടൈം തസ്തികയിൽ 09.06.2022 മുതൽ നിയമിച്ചത്. ഈ അധ്യാപികയുടെ പാർട്ട് ടൈം നിയമനം സാങ്കേതിക കാരണങ്ങളാൽ ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല. ഇക്കാരണത്താലാണ് ഫുൾടൈം തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കപ്പെടാത്തത്. ഈ അധ്യാപികയെക്കാൾ സീനിയർ ആയവരും നിശ്ചിത യോഗ്യത കൈവരിച്ചവരുമായ നിയമാനുസൃത അവകാശികളുടെ

അഭാവത്തിലാണ് ടിയാളെ ഫുൾടൈം തസ്തികയിൽ നിയമിച്ചത്. ഈ നിയമനം ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചതിനെ തുടർന്നാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചത്. ഈ അപ്പീൽ തീർപ്പാക്കി ഉത്തരവായെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിക്കാത്ത സാഹചര്യമാണുള്ളത്.

**4.** കണ്ണോത്ത് സെന്റ് ആന്റണീസ് യു.പി. സ്കൂളിൽ സ്ഥാനക്കയറ്റം വഴി നിയമിതനായ ശ്രീ.അനുപ് മാത്യുവിന്റെ ഫുൾ ടൈം തസ്തികയിലെ നിയമനവും തെയ്യപ്പാറ യു.പി. സ്കൂളിലെ സ്നേഹ ജോസഫിന്റെ പാർട്ട് ടൈം നിയമനവും അംഗീകരിക്കപ്പെടുന്ന മുറയ്ക്ക് ഈ അധ്യാപികയുടെ മൈലള്ളാംപാറ സ്കൂളിലെ ഫുൾ ടൈം നിയമനാംഗീകാരം പുനഃപരിശോധിക്കാനാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, ശ്രീ.അനൂപ് മാത്യുവിന്റെ ഫുൾടൈം സ്ഥാനക്കയറ്റ നിയമനം ടിയാൻ കെ.ടെറ്റ് യോഗ്യത നേടാത്ത കാരണത്താൽ നിരസിക്കപ്പെട്ടു. തുടർന്ന് സമർപ്പിച്ച റിവിഷൻ പെറ്റീഷൻ പരാമർശം (2) പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ ടിയാന്റെ ഫുൾ ടൈം നിയമനം അംഗീകരിക്കപ്പെടാനുള്ള സാധ്യത ഇല്ലാതായിരിക്കുകയാണ്. ഈ അധ്യാപകൻ ഫുൾ ടൈം നിയമനം റദ്ദ് ചെയ്ത് പാർട്ട് ടൈം തസ്തികയിലേക്ക് മുൻകാല പ്രാബല്യത്തിൽ തിരിച്ചയക്കേണ്ടി വരും. അങ്ങനെ വരുന്നപക്ഷം അനൂപ് മാത്യുവിന്റെ സ്ഥാനക്കയറ്റ ഒഴിവിൽ **22.07.2021** മുതൽ പാർട്ട് ടൈം തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.സ്നേഹ ജോസഫിനെ ഉൾക്കൊള്ളാൻ തസ്തിക ലഭ്യമല്ലാത്തതിനാൽ ടിയാൾ സർവ്വീസിൽനിന്നും പുറത്താകുന്നതാണ്. ഇവരെ ഉൾക്കൊള്ളാൻ സമാനമായ ഒഴിവുകൾ ഈ മാനേജ്മെന്റിനു കീഴിൽ പ്രസ്തുത സമയത്ത് നിലവിലുണ്ടായിരുന്നില്ല.

**5.** ശ്രീ.അനൂപ് മാത്യുവിന്റെ നിയമനാംഗീകാര അപ്പീൽ പരാമർശം (2) പ്രകാരം നിരസിച്ചതോടെ സ്നേഹ ജോസഫിന് പാർട്ട് ടൈം തസ്തികയിൽ നിയമനാംഗീകാരം ലഭിക്കാനുള്ള സാധ്യത നഷ്ടപ്പെട്ടിരിക്കുകയാണ്. ആയതിനാൽ, താഴെപ്പറയുന്ന വസ്തുതകൾ പരിഗണിച്ച് **09/06/2022** മുതൽ ഈ അധ്യാപികയ്ക്ക് ഫുൾ ടൈം തസ്തികയിൽ നൽകിയ നിയമനം നേരിട്ടുള്ള

നിയമനമായി പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

**a.**ശ്രീമതി.സ്നേഹ ജോസഫിനെ **09.06.2022** മുതൽ നിയമിച്ച മൈലള്ളാംപാറ സെന്റ് ജോസഫ്സ് യൂ.പി. സ്കൂളിലെ ജെ.എൽ.ടി. ഹിന്ദി തസ്തിക വ്യവസ്ഥാപിതമാണ്.

**b.**നിയമിത പ്രസ്തുത തസ്തികയ്ക്കാവശ്യമായ കെ.ടെറ്റ് അടക്കമുള്ള നിശ്ചിത യോഗ്യതകളെല്ലാം നിയമനത്തീയതിയിൽതന്നെ ആർജ്ജിച്ചിട്ടുണ്ട്.

**c.**ടി അധ്യാപിക **09.06.2022** മുതൽ തുടർച്ചയായി ജെ.എൽ.ടി. ഹിന്ദി തസ്തികയിൽ ജോലി ചെയ്തുവരികയാണ്.

**d.**സീനിയർ നിയമിതനായ ശ്രീ.അനൂപ് മാത്യുവിന്റെ (ജെ.എൽ.ടി. ഹിന്ദി, സെന്റ് ആന്റണീസ് യു.പി. സ്കൂൾ, കണ്ണോത്ത്) **22.07.2021** മുതലുള്ള സ്ഥാനക്കയറ്റനിയമനത്തിന് ടിയാൻ കെ.ടെറ്റ് യോഗ്യത നേടാത്തകാരണത്താൽ ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. ഇക്കാരണത്താ ലാണ് സ്നേഹ ജോസഫിന്റെ തെയ്യപ്പാറ യു.പി. സ്കൂളിലെ പാർട്ട് ടൈം ഹിന്ദി തസ്തികയിലെ നിയമനം അംഗീകരിക്കപ്പെടാത്തത്.

**e.**ആദ്യം നിയമിക്കപ്പെട്ട ആൾക്ക് കെ.ടെറ്റ് പോലുള്ള യോഗ്യത ഇല്ലാത്തതിന്റെ പേരിൽ നിയമനാംഗീകാരം ലഭിക്കാതെ വരുന്നത് പൂർണയോഗ്യതയുള്ള പിന്നീട് നിയമിക്കപ്പെട്ട അധ്യാപകരുടെ നിയമനാംഗീകാരത്തെ ബാധിക്കാനിടവരരുതെന്നും പൂർണയോഗ്യതയുള്ളവർക്ക് യഥാസമയം നിയമനാംഗീകാരം നൽകണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **27/07/2019** ലെ എച്ച്.**2/28207/2019**/ഡിജിഇ കത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം കെ.ടെറ്റ് യോഗ്യത നേടാത്ത ശ്രീ.അനൂപ് മാത്യുവിന് നിയമനാംഗീകാരം ലഭിക്കാത്തത് സ്നേഹ ജോസഫിന്റെ നിയമനാംഗീകാരത്തെ ബാധിക്കാൻ പാടില്ല.

**f.**ശ്രീ.അനൂപ് മാത്യുവിന്റെ നിയമനാംഗീകാര അപ്പീൽ പൊതുവിദ്യാഭ്യാസ സെക്രട്ടറി നിരസിച്ചിട്ടുണ്ട്. ആയതിനാൽ, ടിയാന്റെ **22.07.2021** മുതലുള്ള

ജെ.എൽ.ടി. സ്ഥാനക്കയറ്റ നിയമനം നിയമന തീയതി മുതൽ റദ്ദ് ചെയ്ത് ടിയാന് പഴയലാവണമായ പാർട്ട് ടൈം ഹിന്ദി തസ്ത്ികയിലേക്ക് മുൻകാല പ്രാബല്യത്തിൽ തിരിച്ചയയ്ക്കേണ്ടതായിട്ടുണ്ട്. തത്ഫലമായി ടിയാന്റെ സ്ഥാനക്കയറ്റ ഒഴിവിൽ നിയമിക്കപ്പെട്ട സ്നേഹ ജോസഫിനെ ഉൾക്കൊള്ളാൻ തസ്തിക ലഭ്യമല്ലാത്തതിനാൽ ടിയാൾ സർവ്വീസിൽനിന്നും പുറത്താകുന്നതാണ്.

**g.**അനുപ് മാത്യുവിന്റെ സ്ഥാക്കയറ്റ നിയമനം റദ്ദാകുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്ത്ികയിലെ ടിയാന്റെ നിയമനാംഗീകാരം, ടിയാന്റെ ഒഴിവിൽ പാർട്ട് ടൈം തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.സ്നേഹ ജോസഫിന്റെ നിയമനാംഗീകാരം എന്നിവ അപ്രസക്തമാകുന്നതാണ്.

**h.**ശ്രീമതി.സ്നേഹ ജോസഫിനെ **09.06.2022** മുതൽ മൈലള്ളാംപാറ യൂ.പി. സ്കൂളിൽ ജൂനിയർ ഹിന്ദി അധ്യാപികയായി നിയമിക്കുമ്പോൾ, പ്രസ്തുത തസ്തികയിൽ സ്ഥാനക്കയറ്റം വഴി നിയമിക്കപ്പെടാൻ നിയമാനുസൃത അവകാശികളാരും ഉണ്ടായിരുന്നില്ല. അതിനാൽ, പ്രസ്തുത നിയമനം സ്ഥാനക്കയറ്റത്തിന് പകരം നേരിട്ടുള്ള നിയമനമായി പരിഗണിച്ച് നിയമനാംഗീകാരം നൽകാവുന്നതാണ്.

**2021** മുതൽ നിയമനാംഗീകാരമോ ശമ്പളാനുകൂല്യങ്ങളോ ലഭിക്കാതെ ജോലി ചെയ്തുവരുന്ന ഈ അധ്യാപികയുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകി ടിയാളുടെ നിയമനം സ്ഥാനക്കയറ്റം വഴി എന്നത് മാറ്റി നേരിട്ടുള്ള നിയമനമായി കണക്കാക്കി നിയമാനാംഗീകാരം നൽകാൻ ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

<u>വിദ്യാഭ്യാസ ഓഫീസർമാർ</u>

**6.** കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന സെൻ്റ് തോമസ് യു.പി തെയ്യപ്പാറ സ്കൂളിലെ ജൂനിയർ ഹിന്ദി പാർട്ട് ടൈം അധ്യാപകനായ ശ്രീ.അനൂപ് മാത്യുവിനെ സെന്റ് ആന്റ്ണീസ് യു.പി കണ്ണോത്ത് സ്കൂളിലേക്ക് ജൂനിയർ ഹിന്ദി ഫുൾ ടൈം അധ്യാപകനായി മാനേജർ പ്രമോട്ട് ചെയ്ത ഒഴിവിലേക്ക് ശ്രീമതി.സ്നേഹ

ജോസഫിനെ **22.07.2021** മുതൽ ജൂനിയർ ഹിന്ദി പാർട്ട് ടൈം അധ്യാപികയായി ശമ്പള സ്കെയിലിൽ തുടർച്ചയായി നിയമനം നടത്തുകയും ആയത് അംഗീകരിക്കുന്നതിന് അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ശ്രീ.അനൂപ് മാത്യുവിന്റെ പ്രമോഷൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു നൽകിയതിനാലും, നിയമന അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതിനാലും, ശ്രീമതി. സ്നേഹ ജോസഫിന്റെ പാർട്ട് ടൈം ഹിന്ദി തസ്തികയിലെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും തുടർന്ന് അപ്പീലുകൾ ഹയർ ഓഫീസിൽ നിന്നും നിരസിച്ച് ഉത്തരവായിരുന്നു.

**7.** എന്നാൽ പിന്നീട് സെന്റ് ജോസഫ് യു.പി മൈലള്ളാംപാറ സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ഹിന്ദി ഫുൾ ടൈം അധ്യാപികയായ സിസ്റ്റർ മേരിക്കുട്ടി കുളങ്ങരയെ **01.06.2022** - ന് സെന്റ് മേരീസ് എച്ച്.എസ്.എസ് കല്ലാനോട് സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്ത ഒഴിവിലേക്ക് മാനേജർ സെന്റ് ജോസഫ് യു.പി തെയ്യപ്പാറ സ്കൂളിലെ ജൂനിയർ ഹിന്ദി പാർട്ട് ടൈം അധ്യാപികയായ ശ്രീമതി. സ്നേഹ ജോസഫിനെ **09.06.2022** മുതൽ ട്രാൻസ്ഫർ ചെയ്ത് സെന്റ് ജോസഫ് യു.പി മൈലള്ളാംപാറ സ്കൂളിലേക്ക് തുടർച്ചയായി ശമ്പള സ്കെയിലിൽ ജൂനിയർ ലാംഗ്വേജ് ഫുൾടൈം ഹിന്ദി അധ്യാപികയായി പ്രമോഷൻ നിയമനം നടത്തുകയും ആയത് അംഗീകരിക്കുന്നതിന് അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

**8.** മാനേജരുടെ ട്രാൻസ്ഫർ ഉത്തരവ്, സിസ്റ്റർ മേരിക്കുട്ടി കുളങ്ങരക്ക് സ്ഥലം മാറ്റം നൽകിയ സ്കൂളിൽ നിന്നും ശമ്പളം കൈപ്പറ്റുന്നതിനുള്ള രേഖ, സിസ്റ്റർ മേരിക്കുട്ടി കുളങ്ങരയുടെ നിയമനം അംഗീകരിച്ച ഉത്തരവ് എന്നിവ നിയമന അപേക്ഷയോടൊപ്പം ഉൾപ്പെടുത്താത്തതിനാലും, പ്രസ്തുത നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ച് ഉത്തരവ് നൽകിയിരുന്നു. ആയതിനെതിരെ മാനേജർ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ നൽകിയെങ്കിലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ശരിവെച്ച് കൊണ്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജരുടെ അപ്പീൽ നിരസിച്ചു.

**9.** മേൽ ഉത്തരവിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. ആയത് ശ്രീ. അനൂപ് മാത്യുവിന്റെ ജൂനിയർ ലാംഗ്വേജ് ഫുൾ ടൈം ഹിന്ദി പ്രമോഷൻ നിയമനം അംഗീകരിക്കുന്ന മുറക്കും ശ്രീമതി.സ്നേഹ ജോസഫിന്റെ ജൂനിയർ ലാംഗ്വേജ് പാർട്ട് ടൈം ഹിന്ദി തസ്തികയിലെ നിയമനവും, അതു വഴി ജൂനിയർ ലാംഗ്വേജ് ഫുൾ ടൈം ഹിന്ദി തസ്തികയിലെ നിയമനവും പുനഃപരിശോധിക്കുവാൻ ഉത്തരവാക്കി അപ്പീൽ തീർപ്പാക്കിയിരുന്നു. എന്നാൽ ശ്രീ.അനൂപ് മാത്യുവിന്റെ ജൂനിയർ ലാംഗ്വേജ് ഫുൾ ടൈം ഹിന്ദി ആയുള്ള പ്രമോഷൻ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും, തുടർന്ന് അപ്പീലുകൾ, അപ്പീൽ അധികാരികളും, പിന്നീട് സർക്കാരും നിരസിച്ചിരുന്നു.

**10.** ശ്രീമതി. സ്നേഹ ജോസഫിന്റെ സെന്റ് ജോസഫ് യു.പി മൈലള്ളാംപാറ സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ഹിന്ദി ഫുൾ ടൈം തസ്തികയിലേക്കുള്ള പ്രമോഷൻ നിയമനം സിസ്റ്റർ മേരിക്കുട്ടി കുളങ്ങര **01.06.2022**-ന് സെന്റ് മേരീസ് എച്ച്.എസ്. കല്ലാനോട് സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്ത ഒഴിവിലേക്കും, സിസ്റ്റർ മേരിക്കുട്ടി കുളങ്ങരയെ സെൻ്റ് മേരീസ് എച്ച്.എസ് കല്ലാനോട് സ്കൂളിലെ ശ്രീമതി.ജെയ്യോൾ പി.ജെ-യെ സെന്റ് ആന്റണീസ് യു.പി കണ്ണോത്ത് സ്കൂളിലെ ശ്രീമതി.ലൗലി ജോണിന്റെ വിരമിക്കൽ ഒഴിവിലേക്കുമാണ് ട്രാൻസ്ഫർ ചെയ്തത്. ശ്രീമതി.സ്നേഹ ജോസഫിന്റെ തെയ്യപ്പാറ സ്കൂളിലെ പാർട്ട് ടൈം ഹിന്ദി അധ്യാപികയായുള്ള നിയമനം അംഗീകരിച്ചു ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത അധ്യാപികയുടെ സെൻ്റ് ജോസഫ് യു.പി മൈലള്ളാംപാറ സ്കൂളിലെ ഫുൾ ടൈം തസ്തികയിലെ **09.06.2022** - ലെ പ്രമോഷൻ നിയമനം ഫ്രഷ് നിയമനമായി പരിഗണിക്കണമെന്നാണ് മാനേജരുടെ അപ്പീൽ. മേൽ പ്രകാരം നിയമനം പരിഗണിക്കുന്നതിന് അനുമതി ലഭിച്ചാൽ ടിയാളുടെ **09.06.2022** മുതൽക്കുള്ള ഫുൾ ടൈം ഹിന്ദി തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിന് മറ്റു തടസ്സവാദങ്ങളൊന്നും നിലനിൽക്കുന്നില്ല.

**11.** നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം

വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ വരുന്ന സെൻ്റ് തോമസ് യു.പി തെയ്യപ്പാറ സ്കൂളിലെ ജൂനിയർ ഹിന്ദി പാർട്ട് ടൈം അധ്യാപകനായ ശ്രീ.അനൂപ് മാത്യുവിനെ സെന്റ് ആന്റണീസ് യു.പി കണ്ണോത്ത് സ്കൂളിലേക്ക് ജൂനിയർ ഹിന്ദി ഫുൾ ടൈം അധ്യാപകനായി മാനേജർ പ്രമോട്ട് ചെയ്ത ഒഴിവിലേക്ക് ശ്രീമതി.സ്നേഹ ജോസഫിനെ **22.07.2021** മുതൽ ജൂനിയർ ഹിന്ദി പാർട്ട് ടൈം അധ്യാപികയായി ശമ്പള സ്കെയിലിൽ തുടർച്ചയായി നിയമിച്ച നടപടി വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചിരുന്നു. പിന്നീട് മാനേജർ സെന്റ് ജോസഫ് യു.പി മൈലെള്ളാംപാറ സ്കൂളിലെ ജൂനിയർ ലാംഗ്വേജ് ഹിന്ദി ഫുൾ ടൈം അധ്യാപികയായ സിസ്റ്റർ മേരിക്കുട്ടി കുളങ്ങര **01.06.2022** - ന് സെന്റ് മേരീസ് എച്ച്.എസ്.എസ് കല്ലാനോട് സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്ത ഒഴിവിലേക്ക് സെന്റ് ജോസഫ് യു.പി തെയ്യപ്പാറ സ്കൂളിലെ ജൂനിയർ ഹിന്ദി പാർട്ട് ടൈം അധ്യാപികയായ ശ്രീമതി.സ്നേഹ ജോസഫിനെ **09.06.2022** മുതൽ ട്രാൻസ്ഫർ ചെയ്ത് സെന്റ് ജോസഫ് യു.പി മൈലെള്ളാംപാറ സ്കൂളിലേക്ക് തുടർച്ചയായി ശമ്പള സ്കെയിലിൽ ജൂനിയർ ലാംഗ്വേജ് ഫുൾ ടൈം ഹിന്ദി അധ്യാപികയായി പ്രമോഷൻ നിയമനം നടത്തി. ടി നിയമനവും വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചിരുന്നു.

**12.** മേൽ ഉത്തരവിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. ആയത് ശ്രീ.അനൂപ് മാത്യുവിന്റെ ജൂനിയർ ലാംഗ്വേജ് ഫുൾ ടൈം ഹിന്ദി പ്രമോഷൻ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ശ്രീമതി.സ്നേഹ ജോസഫിന്റെ ജൂനിയർ ലാംഗ്വേജ് പാർട്ട് ടൈം ഹിന്ദി തസ്തികയിലെ നിയമനവും, അതു വഴി ജൂനിയർ ലാംഗ്വേജ് ഫുൾ ടൈം ഹിന്ദി തസ്തികയിലെ നിയമനവും പുനഃപരിശോധിക്കുവാൻ ഉത്തരവാക്കി അപ്പീൽ ഫയൽ തീർപ്പാക്കിയിരുന്നു. ശ്രീ അനൂപ് മാത്യുവിന്റെ ജൂനിയർ ലാംഗ്വേജ് ഫുൾടൈം ഹിന്ദി തസ്തികയിലെ നിയമനം പരാമർശം (2) പ്രകാരം നിരസിച്ചിരുന്നു.

**13.** ശ്രീമതി. സ്നേഹ ജോസഫിന്റെ തെയ്യപ്പാറ സ്കൂളിലെ പാർട്ട് ടൈം ഹിന്ദി അധ്യാപികയായുള്ള നിയമനം അംഗീകാരയോഗ്യമല്ലാത്ത സാഹചര്യത്തിൽ **09.06.2022** മുതൽ മാനേജർ പുതിയ നിയമനമായി പുനഃനിയമനം നൽകുന്ന

പക്ഷം മറ്റ് വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ ഭിന്നശേഷി സംവരണ വ്യവസ്ഥക്ക് വിധേയമായി, ശ്രീമതി. സ്നേഹ ജോസഫിന്റെ മൈലള്ളാംപാറ സ്കൂളിലെ ഫുൾ ടൈം തസ്തികയിലെ **09.06.2022**-ലെ നിയമനം അംഗീകരിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിക്കൊണ്ടും അപ്രകാരം പരാമർശം **(3)** റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അശ്വതി കെ**

**അണ്ടർ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, താമരശ്ശേരി

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, താമരശ്ശേരി

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, താമരശ്ശേരി രൂപത, കോഴിക്കോട് - **673 573**

ശ്രീമതി.സ്നേഹ ജോസഫ്, ജൂനിയർ ഹിന്ദി ടീച്ചർ (എഫ്.റ്റി), സെന്റ് ജോസഫ്സ് യു.പി. സ്കൂൾ, മൈലള്ളാംപ്പാറ, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Alex G C

Date: 12-06-2026 15:22:59